**പത്രക്കുറിപ്പ് (24.05.2017 )**

**തൃശ്ശൂർ സിറ്റി പോലീസ് പരിധിയിലെ 'Combing Operation'-ൽ ഗുണ്ടാസംഘാംഗങ്ങൾ ഉൾപ്പടെ 80 സാമൂഹ്യ വിരുദ്ധർ അറസ്റ്റിലായി**

തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. നാരായണൻ. ടി IPS ന്റെ നേതൃത്വത്തിൽ തൃശ്ശൂർ സിറ്റി പോലീസ് പരിധിയിൽ ഇന്നലെ നടത്തിയ 'combing operation'-ൽ ഗുണ്ടാസംഘാംഗങ്ങൾ ഉൾപ്പടെ 80 സാമൂഹ്യ വിരുദ്ധർ അറസ്റ്റിലായി. അസി. പോലീസ് കമ്മീഷണർമാരുടെ കീഴിൽ സർക്കിൾ ഇൻസ്പെടർമാരുടേയും സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടേയും നേതൃത്ത്വത്തിൽ **29** മൊബൈൽ പെട്രോളിംഗും മൂന്ന് ഫുട് പെട്രോളിംഗും **17** പിക്കറ്റ് പോസ്റ്റുകളും ഉൾപ്പെടുത്തി പ്രത്യേക സംഘംങ്ങൾ ആയാണ് 'combing operation' നടത്തിയത്. 'combing operation' ന്റെ ഭാഗമായി ഗുണ്ടാ സംഘാംഗങ്ങളുടെ ഒളിസങ്കേതങ്ങളിൽ പ്രത്യേകം പരിശോധന നടത്തിയ പോലീസ് ഹോട്ടലുകളിലും, ലോഡ്ജുകളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ് സ്റ്റാൻഡുകളിലും പരിശോധന നടത്തുകയും ചെയ്തു. ബസ്സ് സ്റ്റാൻഡുകളിലും റെയിൽവേ സ്റ്റേഷനുകളിലുമായി അസമയത്ത് തമ്പടിച്ചിരുന്ന 53 പേരെ ചോദ്യം ചെയ്ത് വിവരം ശേഖരിക്കുകയും, ക്രിമിനൽ പശ്ചാത്തലമുള്ളവരാണോയെന്ന് പരിശോധിച്ച് വരുന്നതുമാണ്. മോഷണം, കവർച്ച മുതലായ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളതായ 58 പേരേ അവരുടെ വാസസ്ഥലങ്ങളിൽ നേരിട്ട് ചെന്ന് പരിശോധന നടത്തുകയും ചെയ്തിട്ടുള്ളതാണ്. പൊതുസ്ഥലങ്ങളിലും മറ്റും മദ്യപാനം നടത്തിയ 9 പേർക്കെതിരെ അബ്കാരി നിയമപ്രകാരവും, പൊതുജനശല്യമുണ്ടാക്കിയ 52 പേർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പിടികിട്ടാപുള്ളികളായി കോടതികൾ പ്രഖ്യാപിച്ച അഞ്ചു പേരെയും 61 വാറണ്ട് പ്രതികളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ചും, നഗരപ്രദേശങ്ങളിലും നടത്തിയ വാഹന പരിശോധനയിൽ 684 വാഹനങ്ങൾ പരിശോധിക്കുകയും 374 പേർക്കെതിരെ മോട്ടോർ വാഹന നിയമപ്രകാരം നടപടി സ്വീകരിക്കുകയും പിഴയായി 53,000 രൂപ ഈടാക്കുകയും ചെയ്തു. കുറ്റകൃത്യങ്ങൾ തടയുന്നതിനായി സിറ്റി പോലിസ് പരിധിയിലെ മുഴുവൻ പ്രദേശങ്ങളിലും പോലീസ് പെട്രോളിംഗ് എത്തിചേരത്തക്കവിധത്തിൽ ബീറ്റ്, നൈറ്റ് പെട്രോൾ സംവിധാനം ശക്തമാക്കുന്നതിന്റെ ഭാഗമായി ബഹു. **Inspector General of Police, Thrissur range** അവർകളുടെ നിർദ്ദേശപ്രകാരം തൃശ്ശൂർ സിറ്റി പോലീസ് പരിധിയിലെ ഗ്രാമപ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ 487 പട്ടാ ബുക്കുകൾ ഈ മാസം ആദ്യം പുന:ക്രമീകരണം നടത്തി സ്ഥാപിച്ചിരുന്നു. ഇത്തരം സ്ഥലങ്ങളിൽ തൃശ്ശൂർ സിറ്റി പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ചെയ്തിട്ടുള്ളതാണ്.

Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി.